പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1045 — 25/01/2018-ൽ മറുപടിയ്ക്ക്

## നോക്കുകൂലി നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2002-ലെ കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് പ്രിവൻഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട് സർക്കാർ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കുമോ; | (എ) ഉണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) നിയമം 2008 പാസ്സാക്കിയ സാഹചര്യത്തിലാണ് പ്രസ്തുത നിയമം പിൻവലിച്ചിട്ടുള്ളത്. |
| (ബി) നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതി പരാമർശം നിലനിൽക്കുമ്പോൾ തന്നെ, സംസ്ഥാനത്ത് പല ഭാഗത്തും ഇപ്പോഴും അത് നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നിമയമവിരുദ്ധമായ നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന് പുതിയ നിയമ നിർമ്മാണം ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) നോക്കുകൂലി ആവശ്യപ്പെടുന്നതിനെതിരെ നടപടി സ്വീകരിക്കുവാൻ നിലവിലുള്ള നിയമം അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് അധികാരം നൽകുന്നുണ്ട്. ആയതിനാൽ പുതിയ നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ